## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2127 07-07-2015-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിലെ പെൻഷൻ**

| | ചോദ്യം<br><br>ശ്രീ. പി.ടി.എ.റഹീം | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നയം വിശദമാക്കാമോ ? | (എ) | ഉണ്ട്. സ.ഉ. (സാധ.) നമ്പർ 340/2015/നി.വ. തീയതി 20-05-2015 പ്രകാരം നിലവിലുള്ള വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്നും കമ്പനിയിലെ ജീവനക്കാർക്ക് നിലവിലുള്ള വിരമിക്കൽ പ്രായം നിലനിർത്താനും ഉത്തരവായിട്ടുണ്ട്. |

Jayesh

**സെക്ഷൻ ഓഫീസർ.**

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2128

07.07.2015-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ സർക്കാർ കേസ് നടത്തിപ്പിലെ കാര്യക്ഷമത

ചോദ്യം

ഉത്തരം

ശ്രീ എം.ചന്ദ്രൻ

ശ്രീ.കെ.എം.മാണി

ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി എത്ര സർക്കാർ കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ; | പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി നിലവിലുള്ള സർക്കാർ കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ജില്ലാ കോടതിയിലും മറ്റ് കീഴ്കോടതി-കളിലുമായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട 1313 കേസുകൾ നിലവിലുണ്ട്.<br><br>കേരള ഹൈക്കോടതിയിൽ റവന്യൂ വകുപ്പുമായി (കളക്ടറേറ്റ്, പാലക്കാട്) ബന്ധപ്പെട്ട് 264 കേസുകളും സുപ്രീംകോടതിയിൽ 4 കേസുകളും നിലവിലുണ്ട്. |
| (ബി) | സർക്കാർ കേസുകൾ കാര്യക്ഷമമായി നടത്തുന്നതിന് കൃത്യമായ അവലോകന യോഗം ചേരാറുണ്ടോയെന്ന് വ്യക്തമാക്കുമോ ; | ഉണ്ട് |

| | | |
|---|---|---|
| (സി) | കഴിഞ്ഞ 6 മാസത്തിനിടയിൽ സർക്കാരിനെതിരായി ഏതെങ്കിലും പരാമർശങ്ങൾ കോടതിയിൽ നിന്നും വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | സർക്കാർ കേസുകൾ വാദിക്കുന്നതിന് വിവിധ കോടതികളിൽ ആവശ്യത്തിനു സർക്കാർ വക്കീലൻമാരുണ്ടോയെന്നു വെളിപ്പെടുത്തുമോ; | സർക്കാർ കേസുകൾ വാദിക്കുന്നതിന് വിവിധ കോടതികളിൽ ആവശ്യത്തിനു സർക്കാർ വക്കീലൻമാർ ഉണ്ട്. |
| (ഇ) | സർക്കാർ അഭിഭാഷകരുടെ അഭാവംമൂലം കേസ് നടത്തിപ്പിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ